"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കുന്നംകുളം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - സെക്ഷൻ ക്ലാർക്ക് ശ്രീമതി.സി.കവിതയ്ക്കെതിരായി ആരംഭിച്ച നടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.970/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/05/2021

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 02.02.2015 തീയതിയിലെ ഇ8(എസ്.സി.112/14/റ്റിഎസ്ആർ) 24457/2014 നമ്പർ കത്ത്

2 05.06.2017തീയതിയിലെ ഇയു2-38/2016/തസ്വഭവ നമ്പർ നോട്ടീസ്.

3 നഗരകാര്യ ഡയറക്ടറുടെ 29.10.2019 തീയതിയിലെ വി3- 14674/17 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

കുന്നംകുളം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30.07.2014- ൽ നടത്തിയ മിന്നൽ പരിശോധനയിൽ കെട്ടിട നിർമ്മാണ അപേക്ഷ സമർപ്പിച്ചവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നോട്ടീസ് നൽകുവാനുണ്ടായ കാരണം, കെട്ടിട നിർമ്മാണ അപേക്ഷകൾ നിരസിച്ചതിനുള്ള കാരണം, കെട്ടിട നിർമ്മാണ അപേക്ഷയ്ക്ക് ഒടുക്കിയ ഫീസിന്റെ തുകയും തീയതിയും, നിലം കമ്മിറ്റി തീരുമാനങ്ങൾ എന്നിവ കെട്ടിടനിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും, കെട്ടിടനിർമ്മാണ രജിസ്റ്ററിലെ 9,10,11 എന്നീ പേജുകളിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലെന്നും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് ടി നഗരസഭയിലെ സെക്ഷൻ ക്ലാർക്ക് ശ്രീമതി. സി.കവിതയിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം നോട്ടീസ് നൽകിയിരുന്നു .

2. പ്രസ്തുത നോട്ടീസിന് ശ്രീമതി.സി.കവിത സമർപ്പിച്ച മറുപടി പ്രകാരം കുന്നംകുളം നഗരസഭയിൽ 37 വാർഡുകൾക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ, നഗരസഭാ പരിധിയിൽ ഉണ്ടാകുന്ന അനധികൃത നിർമ്മാണം, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ ലഭിക്കുന്നതിന് സാക്ഷ്യപത്രം നൽകൽ എന്നീ ജോലികൾ ഇ2 സെക്ഷനിലാണ് നിർവ്വഹിച്ചിരുന്നതെന്നും, കൂടാതെ ആഴ്ചയിൽ ഏകദേശം 95 ഓളം കെട്ടിട നിർമ്മാണ അപേക്ഷകൾ നഗരസഭയിൽ ലഭിക്കാറുണ്ടെന്നും കെട്ടിട

നിർമ്മാണ രജിസ്റ്ററിൽ രജിസ്റ്റർ നമ്പർ, തീയതി , വില്ലേജ് സർവ്വെ നമ്പർ, കെട്ടിടത്തിന്റെ തരം, ഏരിയ, എഫ്.എ.ആർ, കവറേജ് അപേക്ഷാഫീസ്, പെർമിറ്റ് ഫീസ്, അഡീഷണൽ ഫീസ് എന്നിവയും പെർമിറ്റ് അനുവദിക്കുന്ന തീയതി , ബിൽഡിംഗ് അപ്ലിക്കേഷൻ നമ്പർ, റിമാർക്സ് എന്നിവയും എഴുതി തയ്യാറാക്കി ബന്ധപ്പെട്ട സൂപ്രണ്ട് വഴിയാണ് മുനിസിപ്പൽ എഞ്ചിനീയർക്ക് സമർപ്പിക്കാറുള്ളതെന്നും ലഭ്യമാകുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ ട്രാൻസിറ്റ് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി ഫീൽഡ് ഓഫീസർക്ക് നൽകി വരാറുണ്ടെന്നും ടിയാരിയുടെ മറുപടിയിൽ പറയുന്നു. നിലം കമ്മിറ്റിയിൽ സമർപ്പിക്കുന്ന ഫയലുകൾക്ക് കമ്മിറ്റി പരിശോധനയും അതിൽ എടുക്കുന്ന തീരുമാനങ്ങളും സർക്കാർ നിർദ്ദേശപ്രകാരമുള്ള മിനുട്സ് രജിസ്റ്ററിൽ ചേർക്കുകയും ബന്ധപ്പെട്ട ഫയലിൽ മഹസ്സർ സഹിതം സെക്രട്ടറിക്ക് സമർപ്പിക്കുകയുമാണ് ചെയ്തിരുന്നതെന്നും നിലവിൽ അമിത ജോലിഭാരം ഉണ്ടെങ്കിലും സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ നഗരസഭാ കൗൺസിലിന്റേയും പൊതുജനങ്ങളുടേയും പരാതി ഉണ്ടാകാത്ത വിധത്തിൽ ജോലികൾ കൃത്യമായും ചെയ്തിട്ടുള്ളതും ടിയാരിയുടെ സർവ്വീസ് കാലയളവിൽ ജോലിയിൽ കൃത്യവിലോപം കാണിക്കുകയോ ഫയലുകളിൽ കാലതാമസം വരുത്തുകയോ മേലുദ്യോഗസ്ഥരിൽ നിന്നും യാതൊരുവിധ നടപടിയും ഉണ്ടാവുകയോ ചെയ്തിട്ടില്ലാത്തതാണെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ മറ്റ് നടപടികൾ ഒന്നും സ്വീകരിക്കരുതെന്നും ശ്രീമതി.സി.കവിത അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി.സി.കവിത സമർപ്പിച്ച മറുപടിയിൽ കുന്നംകുളം നഗരസഭാ സെക്രട്ടറിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം വളരെയധികം ജോലിഭാരം ഉള്ള ഇ2 സെക്ഷനിലാണ് ശ്രീമതി.സി.കവിത ജോലി നോക്കി വന്നിരുന്നതെന്നും ശ്രീമതി.സി.കവിത ഇ2 സെക്ഷൻ കൈകാര്യം ചെയ്തു വന്ന അവസരത്തിൽ പൊതുജനങ്ങൾക്ക് പരാതിക്ക് ഇടവരുത്താത്ത വിധത്തിൽ ജോലികൾ നിർവ്വഹിച്ച് വന്നിരുന്നുവെന്നും കെട്ടിടനിർമ്മാണ രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ വീഴ്ച സംഭവിച്ചത് ടിയാരിയ്ക്ക് വിഭിന്നങ്ങളായ ജോലികൾ ഒരേ സമയം നിർവ്വഹിക്കേണ്ടി വന്ന സാഹചര്യത്തിലാണെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് കെട്ടിട നിർമ്മാണ രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ കൃത്യമായി നടത്തുന്നതിനും രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതിനും നിലവിൽ സെക്ഷനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം രജിസ്റ്റർ കൃത്യമായി പരിപാലിച്ച് വരികയാണെന്നും ശ്രീമതി.സി.കവിതയുടെ ഭാഗത്തു നിന്നും മന: പൂർവ്വമല്ലാതെ സംഭവിച്ച അപാകത ജോലിയുടെ ആധിക്യം മൂലമാണ് ഉണ്ടായിട്ടുള്ളതെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. .

4. നഗരകാര്യഡയറക്ടറുടെ അഭിപ്രായപ്രകാരം കുന്നംകുളം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് ശേഷം കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട സെക്ഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ആയത് പ്രകാരം പ്രസ്തുത രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോട്ടു കൂടി പരിപാലിച്ചിട്ടുള്ളതായും കാണുന്നുണ്ട്. ശ്രീമതി.സി. കവിതയുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ടിയാരി സമർപ്പിച്ച മറുപടിയും കുന്നംകുളം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാരിയുടെ ജോലി ആധിക്യം കാരണം മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കണക്കാക്കി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, വിശദീകരണം തേടിക്കൊണ്ടുള്ള

നോട്ടീസിന്മേലുള്ള ശ്രീമതി.സി.കവിതയുടെ മറുപടി ,നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ശ്രീമതി.സി.കവിതയുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും ടിയാരി സമർപ്പിച്ച മറുപടിയും കുന്നംകുളം നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീമതി.സി.കവിതയുടെ ജോലി ആധിക്യം കാരണം മന:പൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കാണുന്നു.

6. മേൽ സാഹചര്യത്തിൽ കുന്നംകുളം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീമതി.സി.കവിതയ്ക്കെതിരായി ആരംഭിച്ച നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി.സി.കവിത, സെക്ഷൻ ക്ലാർക്ക്, കുന്നംകുളം നഗരസഭ

(നഗരകാര്യഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(23.02.2021തീയതിയിലെ VIG-D1/522/2020-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ